**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| | | | |
|---|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6311** | | **31.10.2011ൽ മറുപടിയ്ക്ക്** | |
| **സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാനയം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ. എം. ഉമ്മർ**<br>**,, അബ്ദുറഹിമാൻ രണ്ടത്താണി**<br>**,, പി. കെ. ബഷീർ**<br>**,, കെ. മുഹമ്മദുണ്ണി ഹാജി** | | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** | |
| (എ) | സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാനയം രൂപീകരിക്കാൻ നിയോഗിച്ച സമിതിയുടെ ഘടന എന്താണെന്ന് വിശദമാക്കുമോ; | (എ) | കുട്ടികളുടെയും സ്ത്രീകളുടെയും സുരക്ഷാനയം രൂപീകരിക്കാൻ 23.08.2011 ലെ സ.ഉ(എം.എസ്) നമ്പർ 39/2011/സാക്ഷേവ പ്രകാരം നിയോഗിച്ച സമിതിയിൽ ചുവടെ ചേർക്കുന്നവർ അംഗങ്ങളാണ്.<br>ശ്രീമതി.സുഗതകുമാരി - ചെയർപേഴ്സൺ<br>ശ്രീമതി. ലിഡാ ജേക്കബ് IAS- മെമ്പർ<br>ശ്രീമതി. ശാരദാ മുരളീധരൻ IAS- കൺവീനർ (സെക്രട്ടറി സാമൂഹ്യക്ഷേമവുകപ്പ്)<br>ശ്രീമതി. സുനിതാ കൃഷ്ണൻ- മെമ്പർ<br>ശ്രീമതി. മല്ലികാ സാരാഭായ്- മെമ്പർ |
| (ബി) | നയരൂപീകരണത്തിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശമെന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ സമഗ്രമായ ഇടപെലിന് ഉതകുന്ന നയം രൂപീകരിക്കുക. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ 'സൗഹൃദകേരളം' സൃഷ്ടിക്കുന്നതിന് ആവശ്യമായ നയം രൂപീകരിക്കുക. നിലവിലുള്ള കേരള സമൂഹത്തിൽ ഈ പ്രവണത ഉണ്ടാകാനുള്ള കാരണം, സ്ഥായിയായി ഈ പ്രവണത പ്രതിരോധിക്കുന്നതിന് സ്വീകരിക്കേണ്ട സാംസ്ക്കാരിക, വിദ്യാഭ്യാസ, വികസന സമീപനത്തിനും നിയമങ്ങൾക്കും നിയമനിർമ്മാണ സംവിധാനങ്ങൾക്കും രൂപം |

| | | | |
|---|---|---|---|
| | | | നൽകുന്നതിനും നിലവിലുള്ള സ്ഥാപന സംവിധാനങ്ങളേയും ഏജൻസികളേയും എങ്ങനെ പരിഷ്കരിക്കണമെന്നും അവയുടെ സേവന പ്രദാനത്തിൽ വരുത്തേണ്ട മാറ്റം എന്നിവ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുക എന്ന മാർഗ്ഗനിർദ്ദേശമാണ് സർക്കാർ നൽകിയിട്ടുള്ളത്. |
| (സി) | ഇത് സംബന്ധിച്ച ശുപാർശ സമർപ്പിക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | സമയപരിധി നിശ്ചയിച്ചിട്ടില്ല. |

R. Vijayakumar

**സെക്ഷൻ ഓഫീസർ**